"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

ഭവന നിർമ്മാണ വകുപ്പ് - ഭവന നിർമ്മാണ ബോർഡ് മുഖേന നടപ്പിലാക്കുന്ന ഗൃഹശ്രീ പദ്ധതിയ്ക്ക് 2020-2021 ൽ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള 2000 ലക്ഷം ( രണ്ടായിരം ലക്ഷം രൂപ) രൂപയ്ക്ക് ഭരണാനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഭവന നിർമ്മാണ (ബി) വകുപ്പ്**

**സ.ഉ.(സാധാ) നം.46/2020/ഭവനം** തീയതി, തിരുവനന്തപുരം, 18/12/2020

---

പരാമർശം:- 1 സ ഉ (എം എസ്) നം 21/2013/ഭവനം തീയതി 26/08/2013

2 കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് സെക്രട്ടറിയുടെ 16/09/2020 ലെ LRC/ഗൃഹശ്രീ ജനറൽ/2020 നമ്പർ കത്ത്

3 21/10/2020ൽ ചേർന്ന സ്പെഷ്യൽ വർക്കിംഗ് ഗ്രൂപ്പ് യോഗത്തിന്റെ നടപടിക്കുറിപ്പ്

**ഉത്തരവ്**

രണ്ടോ മൂന്നോ സെന്റ് ഭൂമിയെങ്കിലും സ്വന്തമായുള്ള ദുർബല വിഭാഗം (EWS)/താഴ്ന്ന വരുമാന വിഭാഗ (LIG) ത്തിൽപ്പെട്ടവർക്ക് സന്നദ്ധ സംഘടന/എൻ ജി ഒ/ കാരുണ്യവാന്മാരായ വ്യക്തികൾ എന്നിവരുടെ സഹകരണത്തോടെ 2 ലക്ഷം രൂപ സർക്കാർ സബ്സിഡിയോടുകൂടി വീട് നിർമ്മിച്ച് നല്കുന്ന ഗൃഹശ്രീ ഭവന പദ്ധതിയ്ക്ക് പരാമർശം (1) പ്രകാരം അംഗീകാരം നല്കി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2) 2020-2021 സാമ്പത്തിക വർഷത്തിൽ 2216-80-103-99(37) ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള 2000 ലക്ഷം രൂപയുടെ ഭരണാനുമതി നല്കണമെന്ന് ഭവന നിർമ്മാണ ബോർഡ് സെക്രട്ടറി പരാമർശം (2) പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

3)സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (3)- ലെ ധനകാര്യ വകുപ്പിന്റെ സ്പെഷ്യൽ വർക്കിംഗ് ഗ്രൂപ്പ് യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഭവന നിർമ്മാണ ബോർഡ് നടപ്പിലാക്കുന്ന ഗൃഹശ്രീ ഭവന പദ്ധതിയ്ക്ക് 2020-2021 സാമ്പത്തിക വർഷം ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള 2000 ലക്ഷം രൂപയ്ക്ക് (രണ്ടായിരം ലക്ഷം രൂപ മാത്രം) ചുവടെ കാണുന്ന വ്യവസ്ഥയ്ക്ക് വിധേയമായി ഭരണാനുമതി നല്കി ഉത്തരവാകുന്നു.

"ഗൃഹശ്രീ പദ്ധതിയിലെ ഗുണഭോക്താക്കളുടെ പട്ടിക ലൈഫ് മിഷൻ ഗുണഭോക്തൃ പട്ടികയുമായി പരിശോധിച്ച് ഇരട്ടിപ്പ്/ആവർത്തനം ഉണ്ടാകില്ലെന്ന് ഭവന നിർമ്മാണ ബോർഡ് ഉറപ്പ് വരുത്തേണ്ടതും അതിനനുസരിച്ച് ചെലവ് പരിമിതപ്പെടുത്തേണ്ടതുമാണ് "

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഡോ .എ .ജയതിലക് ഐ.എ.എസ്

പ്രിൻസിപ്പൽ സെക്രട്ടറി

സെക്രട്ടറി, കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ്.

തിരുവനന്തപുരം

ഹൗസിംഗ് കമ്മീഷണർ. തിരുവനന്തപുരം.

ധനകാര്യ (പി യു സി) വകുപ്പ് (PUC3/79/2020-Fin)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ/ആഡിറ്റ്) കേരള.

തിരുവനന്തപുരം.

വിവര പൊതുജന സമ്പർക്ക (വെബ്&ന്യൂ മീഡിയ) )വെബ്സൈറ്റിൽ

പ്രസിദ്ധീകരിക്കുന്നതിനായി) വകുപ്പ്

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്

ബഹു റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

ഭവന നിർമ്മാണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി എയ്ക്ക്

ഭവന നിർമ്മാണ വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി എ യ്ക്ക്